ആർ. പ്രകാരം 23-11-2001 തീയതിയിലാണ്. അതിനുശേഷം വരുത്തിയ ചില ഭേദഗതികൾ കൂടി ഉൾക്കൊള്ളുന്ന ലിസ്റ്റാണ് നിലവിലുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെൻഡർ പരസ്യ ചാർജ്ജിനത്തിൽ 6,74,13,080 (ആറു കോടി എഴുപത്തി നാല് ലക്ഷത്തി പതിമൂന്നായിരത്തി എൻപത് രൂപ മാത്രം) രൂപയും ഡിസ്പ്ലേ പരസ്യ ചാർജ്ജിനത്തിൽ 1,75,00,000 (ഒരു കോടി എഴുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) രൂപയും വിവിധ പത്രമാധ്യമങ്ങൾക്ക് നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ പൂർണ്ണമായി സജ്ജമല്ലാത്തതിനാൽ പത്രങ്ങൾക്ക് ബാക്കി നൽകാനുള്ള തുക എത്രയാണെന്ന കണക്ക് കൃത്യമായി ലഭ്യമല്ല.

(സി) പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നല്കുന്നത് 7-7-1999-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം. 8/1999/പി.ആർ. പ്രകാരമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (11) ആയി ചേർത്തിട്ടുണ്ട്. *

(ഡി) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണങ്ങളായ 'ജനപഥം' 'കേരള കോളിംഗ്' മാസികകളും 'വികസനസമന്വയം' 'കേരള ഇന്റർഫെയ്സ്' ന്യൂസ് ലെറ്ററുകളും 2002 ഒക്ടോബർ മാസം മുതൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ വിളിച്ച് സഹകാര്യ പ്രസ്സിൽ അച്ചടിച്ചുവരുന്നു. 2002 ഒക്ടോബർ മുതൽ 2003 ജൂൺ വരെ 'ജനപഥം' 'കേരള കോളിംഗ്' മാസികകൾ തിരുവനന്തപുരം 'അക്ഷര ഓഫ്സെറ്റിലും' ന്യൂസ് ലെറ്ററുകൾ 'സെന്റ് ജോസഫ് പ്രസ്സിലും' അച്ചടിച്ചു. 24-6-2003-ലെ സർക്കാർ ഉത്തരവു (സാ) നം. 119/03/ഐ.പി.ആർ. പ്രകാരം 2003 ജൂലായ് മുതൽ 2004 മാർച്ച് വരെ പ്രസ്തുത നാല് പ്രസിദ്ധീകരണങ്ങളും ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത അക്ഷര ഓഫ് സെറ്റിൽ അച്ചടിക്കുവാൻ ഉത്തരവായിട്ടുണ്ട്. അതിന്റെ അച്ചടി നിരക്ക് അനുബന്ധം (111) ആയി ചേർത്തിട്ടുണ്ട്. *

വിദേശങ്ങളിൽ ജോലിചെയ്യുന്ന സർക്കാർ ജീവനക്കാർ

151 (2093) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരിൽ നിന്നും എത്രപേർ ഇപ്പോൾ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇവരുടെ വകുപ്പുതിരിച്ചുള്ള ലിസ്റ്റ് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇതു സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly